പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3126 19-06-2018-ലെ മറുപടിയ്ക്ക്

## യുവജനങ്ങളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.ആന്റണി ജോൺ**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ.ജോർജ് എം. തോമസ്** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് യുവജനങ്ങളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ള-തെന്ന് വ്യക്തമാക്കുമോ; | **(എ)** കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് വേണ്ടി നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവത്ക്കരണം, കൂടുതൽ വരുമാനം എന്നിവ ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇവയിൽ ഹൈടെക് അഗ്രികൾച്ചർ, പച്ചക്കറി കൃഷി വികസന പദ്ധതി, അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും മൂല്യവർദ്ധന യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവയാണ് പ്രധാന പദ്ധതികൾ.<br><br>**1. ഹൈടെക് അഗ്രിക്കൾച്ചർ**<br>പോളിഹൗസ് കൃഷി നടപ്പാക്കൽ. കൃത്യതാ കൃഷി സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. വിളയുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ കാലാവസ്ഥാ ഘടകങ്ങളും കൃത്രിമമായി സജ്ജമാക്കിയും ഉല്പാദനോപാധികളുടെ കൃത്യമായ ഉപയോഗത്തിലൂടെയും കുറച്ച് സ്ഥലത്തുനിന്നും പരമാവധി ഉല്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാക്കുന്ന ഈ പദ്ധതി യുവതലമുറയ്ക്ക് ഏറെ ആകർഷകമാണ്.<br><br>**2. പച്ചക്കറി കൃഷി വികസന പദ്ധതി**<br>ഇതിന്റെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ സൂക്ഷ്മ ജലസേചനവും തുടങ്ങിയ |

ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവട് വയ്പാണ്. സ്ഥലപരിമിതിയുള്ള വീട്ടുവളപ്പുകളിലും ഫ്ലാറ്റുകളിലും സുരക്ഷിതമായ പച്ചക്കറി ഉല്പാദനത്തിനായി മിനി പോളീഹൗസുകൾ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോട സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്.

### 3. <u>അഗ്രോ സർവീസ് സെന്ററും കാർഷിക കർമ്മസേനയും</u>

കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച പ്രവർത്തിക്കുന്ന 79 അഗ്രോസെന്ററുകളിലും 200 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവ കർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷിക വൃത്തികൾ കർഷകർക്കു സമയബന്ധിതമായി ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും യന്ത്രവൽക്കരണത്തിലൂടെ കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

### 4. <u>ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം</u>

സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽ തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ഒന്നിന് 20,000/- രൂപ ക്രമത്തിൽ ധനസഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം

കൃഷിവകുപ്പ് മുഖാന്തിരം നൽകിവരുന്നു.

**5. കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ**

കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷക കൂട്ടായ്മകൾക്കും സംരംഭകർക്കും എസ്.എഫ്.എ.സി മുഖേന ധനസഹായം നൽകുന്നു.

**6. അഗ്രോ പാർക്കുകൾ**

കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിനും കർഷകർക്ക് പരമാവധി വില നേടിക്കൊടുക്കുന്നതിനുമായി അഗ്രോപാർക്കുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതാണ്. സംരംഭകത്വമുള്ള യുവജനങ്ങൾക്ക് അഗ്രോ പാർക്കുകളിൽ മൂലധനനിക്ഷേപം നടത്തി മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുന്നു.

**7. വിളവെടുപ്പിന് ശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും**

സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ അധികവില നേടിയെടുക്കുവാൻ സാധിക്കും. ഇതിനായി കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിന് ഇൻക്യുബേഷൻ സെന്ററുകൾ മുഖാന്തിരം പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, ഇന്ത്യൻ സുഗന്ധ വിള ഗവേഷണ കേന്ദ്രം കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്.

**(ബി)** ഇതിന്റെ ഭാഗമായി യുവജനങ്ങൾക്ക് താല്പര്യമുള്ള കാർഷിക വൃത്തിയിൽ പ്രാവിണ്യം നേടുന്നതിനായി കൃഷി വകുപ്പ് പരിശീലനം നൽകി

**(ബി)** കൃഷി വകുപ്പിന്റെ കീഴിലുള്ള RATTC കൾ, സമേതി എന്നീ ട്രയിനിംഗ് സെന്ററുകളിലൂടെ കർഷകർക്ക് താല്പര്യമുള്ള വിഷയങ്ങളിൽ പരിശീലനം നൽകുന്നു.

| | | | |
|---|---|---|---|
| | വരുന്നുണ്ടോ;വിശദാംശം നൽകുമോ; | | പച്ചക്കറി വികസനം, ഹൈടെക് അഗ്രിക്കൾച്ചർ, വിള ആരോഗ്യപരിപാലനം, മൂല്യവർദ്ധനവിനുള്ള പദ്ധതികൾ, തുടങ്ങിയ വിവിധ പദ്ധതികളിൽ നൂതന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുന്നു. ഇതിലൂടെ യുവജനങ്ങൾക്ക് താല്പര്യമുള്ള കാർഷിക വൃത്തിയിൽ പ്രാവീണ്യം നേടുന്നതിന് സാധിക്കുന്നു. |
| (സി) | വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനായി കൃഷി, സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും ജൈവ വൈവിദ്ധ്യ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. എന്നാൽ കൃഷി വകുപ്പിലൂടെ ജൈവവൈവിധ്യ പാർക്കുകൾക്ക് ധനസഹായം നൽകുന്നില്ല. |

**സെക്ഷൻ ഓഫീസർ**